ഉത്തരം

(എ) താഴെ കാണിച്ചിട്ടുള്ള മുൻഗണനാക്രമം കുടുംബ പെൻഷൻ അനുവദിക്കുന്നതിൽ അനുവർത്തിക്കുന്നു:

1. ജീവനക്കാരന്റെ ഭാര്യ
2. ജീവനക്കാരിയുടെ ഭർത്താവ്
3. അർഹതയുള്ള ഏറ്റവും പ്രായമുള്ള സന്താനം (പ്രായക്രമമനുസരിച്ച്)
4. ശാരീരികമോ മാനസികമോ ആയ വൈകല്യമോ കുറവോ ഉള്ള കുട്ടികൾ
5. 25 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതകളായ പെൺമക്കൾ
6. റിട്ടയർമെന്റിന് മുമ്പ് നിയമപരമായി ദത്തെടുത്ത മകൻ/മകൾ
7. മാതാപിതാക്കൾ (തുല്യ അവകാശം)
8. നിയമപരമായി ബന്ധം വേർപ്പെടുത്തിയ ഭാര്യ
9. നിയമപരമായി ബന്ധം വേർപ്പെടുത്തിയ ഭർത്താവ്
10. അംഗവൈകല്യമുള്ള വിവാഹമോചനം നേടിയ പെൺമക്കൾ
11. അംഗവൈകല്യമുള്ള വിധവകളായ പെൺമക്കൾ.

(18-5-2002-ലെ ജി.ഒ.(പി) 387/02/ധന. ഉത്തരവ്)

(ബി) ബുദ്ധിമാന്ദ്യം സംഭവിച്ചവരോ അന്ധരോ ആയ മക്കളെ അനന്തരാവകാശികളുടെ പട്ടികയിൽപ്പെടുത്തിയിട്ടുണ്ട്. അംഗവൈകല്യം ഉള്ള വിധവകളെയും വിവാഹമോചിതരെയും പട്ടികയിൽ ചേർത്തിട്ടുണ്ട്. വിവാഹമോചനം നേടി മറ്റൊരു വിവാഹം കഴിക്കാത്ത പെൺമക്കളെ ഈ പട്ടികയിൽ ചേർക്കുന്നതിന് നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല.

ദേശീയ സമ്പാദ്യ പദ്ധതിയിനത്തിൽ കൂടുതൽ പണം ശേഖരിക്കുന്നതിനുള്ള പ്രോത്സാഹനം

13 [4751] ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ്:
,, ഇ. ടി. മുഹമ്മദ് ബഷീർ:
,, കളത്തിൽ അബ്ദുള്ള:
,, ടി. പി. എം. സാഹിർ:
,, സി. മോയിൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുനിന്നും ദേശീയ സമ്പാദ്യ പദ്ധതിയിനത്തിൽ കൂടുതൽ പണം ശേഖരിക്കുവാൻ സംസ്ഥാന ഗവൺമെന്റ് എന്തെല്ലാം പ്രോത്സാഹനങ്ങളാണ് ഇപ്പോൾ നൽകുന്നത്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇത് വർദ്ധിപ്പിക്കുവാൻ ആലോചനയുണ്ടോ;

(സി) എങ്കിൽ അത് എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സ്ഥാപനങ്ങളിൽ നിന്നുള്ള 5 ലക്ഷത്തിൽ കുറയാത്ത നിക്ഷേപങ്ങൾക്കും 10,000 രൂപയിൽ കുറയാത്ത സ്കൂൾ സഞ്ചയിക നിക്ഷേപങ്ങൾക്കും ക്യാഷ് ഇൻസെന്റീവ് നൽകി വരുന്നു. സ്ഥാപനങ്ങൾക്ക് 2% മുതൽ 6% വരെയും, സ്കൂൾ സഞ്ചയികാ നിക്ഷേപങ്ങൾക്ക് 1.5% ക്യാഷ് ഇൻസെന്റീവ് നൽകി വരുന്നു. വ്യക്തിഗത നിക്ഷേപങ്ങൾക്ക് ഇൻസെന്റീവ് നൽകുന്ന കാര്യം പരിശോധനയിലാണ്.

(ബി) ഇല്ല.

(സി) ഉദിക്കുന്നില്ല.

സ്റ്റോർസ് പർച്ചേസ് നിയമം

14 [4752] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റോർസ് പർച്ചേസ് നിയമം പ്രാബല്യത്തിൽ വന്നതെന്നാണെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത നിയമത്തിൽ ഏതെല്ലാം വകുപ്പുകൾക്കുള്ള ഭേദഗതികളാണ് ഇന്നേവരെ നടപ്പിലാക്കിയിട്ടുള്ളത്;

(സി) ഈ നിയമം ഏറ്റവും ഒടുവിലായി പരിഷ്കരിച്ചത് എന്നാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഇപ്പോൾ നിയമപരിഷ്കരണം പരിഗണനയിലുണ്ടോ;

(ഇ) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(എഫ്) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത നിയമം ലംഘിക്കപ്പെട്ടതിന്റെ പേരിൽ സർക്കാർ ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 1963-ൽ ആണ് കേരള സ്റ്റോർസ് പർച്ചേസ് നിയമം നിലവിൽ വന്നത്.

(ബി) ഒരു പ്രത്യേക വകുപ്പിന് മാത്രമായി സ്റ്റോർസ് പർച്ചേസ് നിയമത്തിൽ ഭേദഗതി വരുത്തിയിട്ടില്ല.

(സി) ഇതുവരെ പരിഷ്ക്കരിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly